## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4879 — 27-10-2016-ൽ മറുപടി നൽകേണ്ടത്

### സർട്ടിഫിക്കറ്റുകൾ തടഞ്ഞ് വയ്ക്കുന്ന സ്വാശ്രയ കോളേജുകളുടെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : | പ്രൊഫ.സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്വാശ്രയ കോളേജുകൾക്കും മറ്റ് പ്രൈവറ്റ് കോളേജുകൾക്കും വിദ്യാർത്ഥികളുടെ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ തടഞ്ഞ് വയ്ക്കാനുള്ള അധികാരമുണ്ടോ;<br><br>ബി) വിവിധ കഷ്ടപ്പാടുകൾ മൂലം ഇടയ്ക്ക് പഠനം നിർത്തേണ്ടിവരുന്ന വിദ്യാർത്ഥികളിൽ നിന്നും മുഴുവൻ കോഴ്സ് ഫീയും ഒടുക്കിയതിനുശേഷം മാത്രമേ അവർക്ക് ഒറിജിനൽ സർട്ടിഫിക്കറ്റുകൾ തിരികെ നൽകുകയുള്ളുവെന്ന് തീരുമാനിക്കാൻ സ്വാശ്രയകോളേജുകൾക്കും മറ്റ് കോളേജുകൾക്കും അധികാരമുണ്ടോ; | എ) യും ബി) യും<br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അധികാര പരിധിയിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾക്കും, മറ്റ് പ്രൈവറ്റ് എഞ്ചിനീയറിംഗ് കോളേജുകൾക്കും, അവിടെയുള്ള വിദ്യാർത്ഥികൾ അദ്ധ്യയന വർഷത്തിൽ ഇടയ്ക്ക് വച്ച് പഠനം നിർത്തി പോവുകയാണെങ്കിൽ ലിക്വിഡേറ്റഡ് ഡാമേജസ് ആയി 75,000/- രൂപ (ജി.ഒ. (എം.എസ്) നമ്പർ 683/2015/ഉ.വി.വ, തീയതി, 11.12.2015) പ്രകാരം അടക്കേണ്ടതുണ്ട്. കൂടാതെ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തി ലുള്ള പ്രൈവറ്റ് കോളേജിൽ നിന്നും ഇടയ്ക്ക് പഠനം നിർത്തേണ്ടി വരുന്ന വിദ്യാർത്ഥി അപേക്ഷിച്ചിട്ടാണ് പഠനം നിർത്തുന്നതെങ്കിൽ അതുവരെയുള്ള ടേം ഫീസ് അടയ്ക്കേണ്ടതുണ്ട്. |

| | |
|---|---|
| (സി) മേൽപ്പറഞ്ഞ കാരണത്താൽ സർട്ടിഫിക്കറ്റുകൾ തിരികെ ലഭിക്കാതെ കഷ്ടപ്പെടുന്ന നിരവധി വിദ്യാർത്ഥികൾ സംസ്ഥാനത്തുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ സർട്ടിഫിക്കറ്റുകൾ തടഞ്ഞ് വെയ്ക്കുന്ന സ്വാശ്രയ കോളേജുകൾ, മറ്റ് പ്രൈവറ്റ് കോളേജുകൾ എന്നിവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ